എസ്.എൻ.ഇ.സി

# അക്കാദമിക് പ്രോസ്പെക്ടസ്

2024-25

**SAMASTHA National Education Council (SNEC)**
Central office, Samastha Karyalayam, Francis Road, Kozhikode-03
samasthanec@gmail.com

Under :
**Samastha Kerala Islam Matha Vidyabhyasa Board**

www.snec.in

SNEC

# ACADEMIC PROSPECTUS

2024-25








# Welcome

We've crafted this guide to provide you with a clear understanding of the academic process at SNEC, helping you navigate your learning journey with confidence. Whether you're just starting or looking to enhance your skills, we're here to ensure you know what to expect every step of the way

## Introduction

സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ നിർദേശ പ്രകാരം സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡിനു കീഴിൽ നിലവിൽ വന്ന ഉന്നത വിദ്യാഭ്യാസ സംരംഭമാണ് സമസ്ത നാഷനൽ എജ്യുക്കേഷൻ കൗൺസിൽ (SNEC). മുസ്‌ലിം സമുദായത്തിന്റെ വിദ്യാഭ്യാസ–സാമൂഹിക ശാക്തീകരണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന, ഉത്തമ വിദ്യാഭ്യാസ മാർഗങ്ങളെ സമഗ്രവും ഫലപ്രദവുമായി ഉപയോഗപ്പെടുത്തി മത വിജ്ഞാനവും പൊതു വിജ്ഞാനവും സ്വായത്തമാക്കിയ മതബോധമുള്ള തലമുറയെ നിർമിക്കുന്ന സംവിധാനമാണിത്. സമസ്തയുടെ പണ്ഡിതരുടെയും വിദ്യാഭ്യാസ മേഖലയിലെ വിദഗ്‌ധരുടെയും സക്രിയമായ നേതൃ സമ്പന്നതയിലാണ് എസ്.എൻ.ഇ.സി പ്രവർത്തിക്കുന്നത്. നിലവിൽ കേരളത്തിലും ഇതര സംസ്ഥാനങ്ങളിലുമായി 41 വിദ്യാഭ്യാസ സ്ഥാപനങ്ങൾ എസ്.എൻ.ഇ.സിയോട് അഫ്‌ലിയേറ്റ് ചെയ്‌ത് പ്രവർത്തിക്കുന്നു.

## Index


| | | |
|---|---|---|
| 01 | Chairman's Message | - 02 |
| 02 | SNEC Governing Body | - 03 |
| 03 | SNEC Academic Council | - 03 |
| 04 | Features | - 05 |
| 05 | SNEC Programs | - 08 |
| 06 | Program Structure | - 09-12 |
| 07 | Program Objectives | - 13 |
| 08 | SNEC Outcomes, Facilities | - 14 |
| 09 | Application Process | - 20-23 |
| 10 | Exam Centers | - 23-25 |
| 11 | SNEET Time Schedule | - 25 |
| 12 | Affiliated Colleges (Sharee'a) | - 26-28 |
| 13 | Affiliated Colleges (SHE) | - 29-30 |
| 14 | Affiliated Colleges (LIFE, Sharee'a Plus) | - 31-32 |
| 15 | Affiliated Colleges (SHE Plus) | - 32 |
| 16 | Important Dates | - 33 |
| 17 | Photo Glimpses of Talents' Meet | -34-35 |

# Chairman’s Message



SAYYID MUHAMMAD JIFRI MUTHUKKOYA THANGAL


മനുഷ്യൻ വിജ്ഞാനജീവിയാണെന്നതാണ് ഇസ്‌ലാമിക ദർശനം. മനുഷ്യപിതാവ് ആദ(അ)മിനെ സർവവിജ്ഞാനങ്ങളും പഠിപ്പിച്ചുവെന്ന് വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നുണ്ടല്ലോ. മനുഷ്യനെ സൃഷ്ടിച്ച എന്നു പറഞ്ഞ ഉടനെ അവനു ഭാഷാസംവേദനം പഠിപ്പിച്ച എന്നും വിശുദ്ധ ഖുർആൻ ഉണർത്തുന്നു. അവ്യവസ്ഥാപിതമായ പ്രാപഞ്ചിക നിരീക്ഷണങ്ങളിലൂടെ മനുഷ്യർ മാർഗഭ്രംശത്തിലകപ്പെടാതിരിക്കാൻ വ്യവസ്ഥാപിത വിജ്ഞാനങ്ങളുടെ രീതിശാസത്രം അല്ലാഹു തന്നെ മനുഷ്യർക്കു നൽകുകയായിരുന്നു. അല്ലാഹുവിലേക്ക് എത്തിച്ചേരുന്ന സകല വിജ്ഞാനങ്ങളെയും ഇസ്‌ലാം അംഗീകരിച്ചു. വിജ്ഞാന സമ്പാദനത്തിന്റെ ആത്യന്തികലക്ഷ്യം അതാവണമെന്ന് നിർണയിച്ചു. സമസ്ത കേരള ജംഇയ്യത്തുൽ ഉലമ ആവിഷ്കരിച്ച ദേശീയ വിദ്യാഭ്യാസ പദ്ധതിയുടെ ദർശനവും അതുതന്നെയാണ്. സർവവിജ്ഞാനങ്ങളും സമ്മേളിക്കുന്ന ബഹുവർണക്കുടയുടെ കീഴിൽ അതിന്റെ വിദ്യാഭ്യാസ സംവിധാനങ്ങളെ ഏകീകരിക്കുകയും ആത്മീയമായ ലക്ഷ്യനിർണയം സ്ഥാപിക്കുകയും ചെയ്യുകയെന്ന മഹത്തായ ദൗത്യമാണത്. സാമൂഹിക ക്ഷേമം, വനിതാവിദ്യാഭ്യാസം, രാഷ്ട്രാഭിവൃദ്ധി, വ്യക്തിഗതനേട്ടം തുടങ്ങിയ തലങ്ങളെ പരിപോഷിപ്പിച്ചു കൊണ്ടുള്ള വ്യത്യസ്ത വിദ്യാഭ്യാസ ശൃംഖലകളുടെ കൂട്ടായ്മയാണ് സമസ്ത നാഷനൽ എജ്യുക്കേഷൻ കൗൺസിൽ (SNEC).

## വിഷൻ

സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിർമാണാത്മകമായി നേതൃത്വം നൽകാൻ കഴിയുന്ന, ധാർമികമൂല്യവും ജ്ഞാനവുമുള്ള പണ്ഡിത പ്രതിഭകളെ വാർത്തെടുക്കുക.

## മിഷൻ

- പാരമ്പര്യത്തിലൂന്നിയതും പുതിയ കാലത്തോടു സംവദിക്കുന്നതുമായ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ.
- പ്രതിഭാശാലികളായ പണ്ഡിതരെയും പണ്ഡിതകളെയും വാർത്തെടുക്കാനുതകുന്ന അക്കാദമിക പ്രവർത്തനങ്ങൾ, പ്രായോഗിക പരിശീലനങ്ങൾ.
- ധാർമിക മൂല്യമുള്ള പ്രൊഫഷനലുകളെ വാർത്തെടുക്കാനുതകുന്ന പ്രവർത്തനങ്ങൾ.
- വിവിധ വിദ്യാഭ്യാസ സ്ട്രീമുകളിൽ ഗവേഷണാത്മക പഠനസമീപനം.
- അന്താരാഷ്ട്ര ഗുണനിലവാരമുള്ള അക്കാദമിക കൂട്ടായ്മ.




## മോട്ടോ

വിശുദ്ധ ഖുർആനിലെ 24-ാം അധ്യായമായ സൂറത്തുന്നൂറിലെ 35-ാം വചനത്തിന്റെ (വെളിച്ച ത്തിനു മേൽ വെളിച്ചം) ആശയം ആവിഷ്കരി ക്കുന്നു.

## ലോഗോ

വിദ്യാഭ്യാസം, ഉത്തരവാദിത്തം, ജീവിതം എന്നിവയെ പ്രതീകവത്കരിക്കുന്ന നീലനിറം. മധ്യത്തിൽ രണ്ടു ഇതളുകളായി തുറന്നുവെച്ച പുസ്തകം. അതിനു മീതെ ചിറകു വിടർത്തി നിൽക്കുന്ന പക്ഷി. അതിനും മുകളിൽ ഇസ്‌ലാമിക സംസ്കാരത്തെ ആവിഷ്കരിക്കുന്ന ആർക്കിടെക്ചർ.

# SNEC Governing Body



Chairman
SAYYID MUHAMMAD
JIFRI MUTHUKKOYA THANGAL



Convenor
P.P UMAR MUSLIYAR
KOYYODU



Treasurer
SAYYID SADIQALI
SHIHAB THANGAL, PANAKKAD



V.Chairman
PROF. K. ALIKUTTY MUSLIYAR
THIRURKAD



V.Chairman
M.T. ABDULLAH MUSLIYAR
PANANGANGARA



J. Convenor
P.M. ABDUSSALAM BAQAVI
VADAKKEKAD



J. Convenor
ISMAIL KUNHU HAJI
MANNAR

### MEMBERS

Umar Faizy Mukkam
Dr. Bahauddeen Muhammad Nadvi
A.V Abdurahman Musliyar
P.K Hamzakutty Baqavi Adrussery
M.P Musthafal Faizy
Dr. C.K Abdurahman Faizy Aripra
Sayyid Muhammad Koya Thangal Jamalullail
Sayyid Moyeen ali Shihab Thangal Panakkad
Dr. N.A.M Abdul Khadir Chelari
M.C Mayin Haji Nallalam
Abdul Hameed Faizy Ambalakkadavu
Abdussamad Pookkottur
E. Moideen Faizy Puthanazhi
M. Abdurahman Musliyar Kodag
K. Moyin Kutty Master Cheruvadi
Ibrahim Faizy Peral
A.M Pareed Ernakulam
K.A Rahman Faizy Kavanur
S.V Muhammedali
Dr. Basheer Panangangara
Sathar Panthallur
Safari Zainul Abid
Sayyid Pookoya Thangal Kadampuzha
U. Muhammed Shafi Haji Chemmad
Musthafa Mundupara
Nazar Faizy Kodathayi
Rasheed Faizy Vellayikkod

# SNEC Academic Council




Chairman
P.M ABDUSSALAM
BAQAVI, VADAKKEKAD




Convenor
DR. BASHEER
PANANGANGARA

### MEMBERS

- Dr.N.A.M Abdul Qader
- Abdussamad Pookkottoor
- S.V Muhammed Ali
- Siddeeque Nadvi Cherur
- Hamza Rahmani Kondiparamba
- Abdullah Mujthaba Faizy Anakkara
- Dr. Muhammed Aslam Wafy
- Dr. Shafeeq Rahmani Vazhippara
- Dr. K.T Jabir Hudawi
- Shuhaibul Haithami



# Organogram




Organogram

# Features

Features

- പുതിയകാല വിഷയങ്ങളെ ക്ലാസിക്കൽ ഇസ്‌ലാമിക ഗ്രന്ഥങ്ങളിലൂടെ വിശകലനം ചെയ്യുന്ന പഠനരീതിയും അഹ്‌ലുസുന്ന റിസർച്ച് പ്രോഗ്രാമും.
- നേതൃപാടവം, വ്യക്തിത്വം, സർഗശേഷി തുടങ്ങിയവ വളർത്തുന്ന ലൈഫ് സ്കിൽ ട്രെയിനിങ്.
- വിദേശ ഫാക്കൽറ്റികൾ.
- മെന്റർ-മെന്റീ സിസ്റ്റം, ഫീൽഡ് ട്രിപ്സ്.
- ശാസ്ത്രം, ആരോഗ്യം, പരിസ്ഥിതി അവബോധം.
- SNEC വികസിപ്പിച്ച ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി മൾട്ടി ലിംഗ്വൽ കമ്യൂണിക്കേഷൻ ട്രെയിനിങ്.
- മികച്ച പഠനാനുഭവങ്ങൾക്കായി ബ്ലെൻഡഡ് ലേണിങ് സിസ്റ്റം.
- ന്യൂ മീഡിയ ട്രെയിനിങ്.
- ഫാക്കൽറ്റി എക്സ്ചേഞ്ച്, സ്റ്റുഡന്റ്സ് ഇന്റേൺഷിപ്പ് പ്രോഗ്രാമുകൾ.
- SNEC യുടെ വിവിധ വിദ്യാഭ്യാസ സംവിധാനങ്ങളെ ഏകീകരിപ്പിച്ച് സർവ്വകലാശാല നിലവാരത്തിലുള്ള Educity.

## Sanaae & Sanaa-iyya

2024 ജനുവരി 28ന് ബംഗളൂരുവിൽ വച്ച് നടന്ന സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ മുശാവറ അംഗീകരിക്കുകയും പ്രസ്തുത ദിവസം തന്നെ ബംഗളൂരുവിലെ പാലസ് ഗ്രൗണ്ടിൽ നടന്ന സമസ്ത നൂറാം വാർഷിക ഉദ്ഘാടന സമ്മേളനത്തിൽ സമസ്ത പ്രസിഡന്റും എസ്.എൻ.ഇ.സി ചെയർമാനുമായ സയ്യിദ് മുഹമ്മദ് ജിഫ്‌രി മുത്തുക്കോയ തങ്ങൾ ശരീഅ, ഷീ സ്ട്രീം പൂർത്തിയാക്കുന്നവർക്ക് നൽകുന്ന ബിരുദ നാമങ്ങളായി സനാഇ, സനാഇയ്യ പ്രഖ്യാപിക്കുകയും ചെയ്തു. ഹദീസിൽ പ്രയോഗിക്കപ്പെട്ട പ്രഭ, ഔന്നത്യം എന്നർത്ഥമുള്ള السَّناء എന്ന പദം ഈ ബിരുദ നാമങ്ങളുടെ പ്രചോദനങ്ങളിൽ ഒന്നാണ്. ശരീഅ പ്ലസ്, ഷീ പ്ലസ് സ്ട്രീമുകളിലും ഇവ തന്നെയാണ് ബിരുദനാമം.






## SNEC Day-March 16

സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ തീരുമാനപ്രകാരം ആരംഭിച്ച S N E C യുടെ, സെൻട്രൽ ഓഫീസ് കോഴിക്കോട് സമസ്ത കാര്യാലയത്തിൽ തുറക്കുകയും പ്രവർത്തനങ്ങൾ ഔദ്യോഗികമായി ആരംഭിക്കുകയും ചെയ്ത ദിനം.



# SNEC Educity

വിവിധ സ്ട്രീമുകളുടെ സെൻട്രൽ ക്യാംപസുകളും മാനവവിഭവശേഷി കേന്ദ്രങ്ങളും ഉൾപ്പെടുന്ന ബൃഹത്തായ പദ്ധതി. സമസ്തയുടെ നൂറാം വാർഷിക സ്മരണാർത്ഥം "സമസ്ത സെന്റിനറി എജ്യു സിറ്റി" എന്നാണ് നാമധേയം. Finishing School, Multi-Purpose Training Centers, Amphitheatre, Cultural Center, Research Centers, Audiovisual theatre, Medication Hall, Heritage Museum, Convention Center തുടങ്ങിയ സംവിധാനങ്ങൾ എജ്യു സിറ്റിയിൽ ഉണ്ടായിരിക്കും.



# SNEC Programs

## സ്കൂൾ 7-ാം ക്ലാസ്സിനു ശേഷം

### ശരീഅ പ്ലസ് (BOYS)-സനാഇ

മതമേഖലയിൽ ധിഷണയും അവഗാഹവുമുള്ള പ്രതിഭാശാലികളായ പണ്ഡിതരെ വാർത്തെടുക്കുന്നു.

- 3+2+3+2
- **മതപഠനം**
- SSLC, **പ്ലസ് ടു** (ഹ്യൂമാനിറ്റീസ്, കൊമേഴ്സ്)
- **യു.ജി+പി.ജി**

**യോഗ്യത**

- സ്കൂൾ ഏഴാം ക്ലാസ്, സമസ്ത മദ്റസ അഞ്ചാം ക്ലാസ്/ തത്തുല്യം
- 14 വയസ്സ് കവിയരുത്

### ഷീ പ്ലസ് (GIRLS)-സനാഇയ്യ

ഗുണമേന്മയുള്ള വിദ്യാഭ്യാസവും തർബിയത്തും നൽകി പണ്ഡിതകളെ വാർത്തെടുക്കുന്നു.

- 3+2+3
- **മതപഠനം**
- SSLC, **പ്ലസ്ടു** (ഹ്യൂമാനിറ്റീസ്, കൊമേഴ്സ്)
- **യു.ജി**
- **പി.ജി**- Optional (Hybrid Learning)

**യോഗ്യത**

- സ്കൂൾ ഏഴാം ക്ലാസ്, സമസ്ത മദ്റസ അഞ്ചാം ക്ലാസ്/ തത്തുല്യം
- 14 വയസ്സ് കവിയരുത്

### ലൈഫ് പ്ലസ് (BOYS/GIRLS)

മതബോധവും പ്രതിഭയുമുള്ള പ്രൊഫഷനലുകളെ വാർത്തെടുക്കുന്നു.

- 3+2+3+2
- SSLC, **പ്ലസ്ടു** (ഹ്യൂമാനിറ്റീസ്, കൊമേഴ്സ്, സയൻസ്)
- MED-Eng **എൻട്രൻസ് കോച്ചിങ്**
- **യു.ജി+പി.ജി**
- **മതപഠനം**

**യോഗ്യത**

- സ്കൂൾ ഏഴാം ക്ലാസ്, സമസ്ത മദ്റസ അഞ്ചാം ക്ലാസ്/ തത്തുല്യം
- 14 വയസ്സ് കവിയരുത്

## SSLCക്കു ശേഷം

### ശരീഅഃ (BOYS)-സനാഇ

മതമേഖലയിൽ ധിഷണയും അവഗാഹവുമുള്ള പ്രതിഭാശാലികളായ പണ്ഡിതരെ വാർത്തെടുക്കുന്നു.

- 2+4+2
- **മതപഠനം**
- **പ്ലസ്ടു** (ഹ്യൂമാനിറ്റീസ്, കൊമേഴ്സ്)
- **യു.ജി+പി.ജി**

**യോഗ്യത**

- SSLC, സമസ്ത മദ്റസ ഏഴാം ക്ലാസ്/ തത്തുല്യം
- 17 വയസ്സ് കവിയരുത്

### ഷീ (GIRLS)-സനാഇയ്യ

ഗുണമേന്മയുള്ള വിദ്യാഭ്യാസവും തർബിയത്തും നൽകി പണ്ഡിതകളെ വാർത്തെടുക്കുന്നു.

- 2+3
- **മതപഠനം**
- **പ്ലസ്ടു** (ഹ്യൂമാനിറ്റീസ്, കൊമേഴ്സ്)
- **യു.ജി**
- **പി.ജി**- Optional (Hybrid Learning)

**യോഗ്യത**

- SSLC, സമസ്ത മദ്റസ ഏഴാം ക്ലാസ്/ തത്തുല്യം
- 17 വയസ്സ് കവിയരുത്

### ലൈഫ് (BOYS/GIRLS)

മതബോധവും പ്രതിഭയുമുള്ള പ്രൊഫഷനലുകളെ വാർത്തെടുക്കുന്നു.

- 2+3+2
- **പ്ലസ്ടു** (ഹ്യൂമാനിറ്റീസ്, കൊമേഴ്സ്, സയൻസ്)
- MED-Eng **എൻട്രൻസ് കോച്ചിങ്**
- **യു.ജി+പി.ജി**
- **മതപഠനം**

**യോഗ്യത**

- SSLC, സമസ്ത മദ്റസ ഏഴാം ക്ലാസ്/ തത്തുല്യം
- 17 വയസ്സ് കവിയരുത്

## Program Structure

### ശരീഅ പ്ലസ് (ബോയ്സ്)-സനാഉ

| | മതപഠനം | ഭൗതിക പഠനം |
|---|---|---|
| സെക്കണ്ടറി<br>3 YEARS | പ്രായോഗിക പഠനത്തിന് ഊന്നൽ നൽകി ആത്മീയ ചിട്ടകൾ പരിശീലിപ്പിക്കുന്നതോടൊപ്പം ഖിറാഅത്ത്, ഫിഖ്ഹ്, ഹദീസ്, അഖീദ തുടങ്ങിയ വിജ്ഞാനങ്ങളിലെ പ്രാഥമിക പഠനം ഉറപ്പ് വരുത്തുന്നു. അറബി ഭാഷ പരിശീലനവും സ്കൂൾ പഠനത്തിന് സഹായകമാകുന്ന ഇംഗ്ലീഷ് ഭാഷ പഠനവും നൽകുന്നു. | ഹൈസ്കൂൾ |
| സീനിയർ സെക്കണ്ടറി<br>2 YEARS | ഫിഖ്ഹ്, ഹദീസ്, തസവ്വുഫ്, അഖീദ, തജ്‌വീദ്, നഹ്‌വ്, സ്വർഫ്, ഭാഷ (അറബി, ഇംഗ്ലീഷ്, ഉർദു) | പ്ലസ് ടു (കൊമേഴ്സ്, ഹ്യുമാനിറ്റീസ്) |
| യു.ജി<br>3 YEARS | ഫിഖ്ഹ്, ഉസൂലുൽ ഫിഖ്ഹ്, ഉലൂമുൽ ഖുർആൻ, തഫ്‌സീർ, ഹദീസ്, ഉസൂലുൽ ഹദീസ്, തസവ്വുഫ്, മൻത്വിഖ്, ബലാഗ, താരീഖുൽ ഇസ്‌ലാം, ഭാഷ (അറബി, ഉർദു, ഇംഗ്ലീഷ്), ലീഗൽ സ്റ്റഡീസ്, റിസർച്ച് മെത്തഡോളജി | സോഷ്യൽ സയൻസ്/ ലാംഗ്വേജ്/ കൊമേഴ്സ് |
| പി.ജി<br>2 YEARS | ഫാക്കൽട്ടി ഓഫ് ഇസ്‌ലാമിക് ഫണ്ടമെന്റൽ സയൻസസ്, റിസർച്ച് | സോഷ്യൽ സയൻസ്/ ലാംഗ്വേജ്/ കൊമേഴ്സ് |

### ഷീ പ്ലസ് (ഗേൾസ്)-സനാഉയ്യ

| | മതപഠനം | ഭൗതിക പഠനം |
|---|---|---|
| സെക്കണ്ടറി<br>3 YEARS | പ്രായോഗിക പഠനത്തിന് ഊന്നൽ നൽകി ആത്മീയ ചിട്ടകൾ പരിശീലിപ്പിക്കുന്നതോടൊപ്പം ഖിറാഅത്ത്, ഫിഖ്ഹ്, ഹദീസ്, അഖീദ തുടങ്ങിയ വിജ്ഞാനങ്ങളിലെ പ്രാഥമിക പഠനം ഉറപ്പ് വരുത്തുന്നു. അറബി ഭാഷ പരിശീലനവും സ്കൂൾ പഠനത്തിന് സഹായകമാകുന്ന ഇംഗ്ലീഷ് ഭാഷ പഠനവും നൽകുന്നു. | ഹൈസ്കൂൾ |

## Program Structure

| | മതപഠനം | ഭൗതിക പഠനം |
|---|---|---|
| സീനിയർ സെക്കണ്ടറി<br>2 YEARS | ഫിഖ്ഹ്, ഹദീസ്, തസവ്വുഫ്, അഖീദ, തജ്‌വീദ്, നഹ്‌വ്, സ്വർഫ്, ഭാഷ (അറബി, ഇംഗ്ലീഷ്, ഉർദു) | പ്ലസ് ടു (കൊമേഴ്സ്, ഹ്യുമാനിറ്റീസ്) |
| യു.ജി<br>3 YEARS | ഫിഖ്ഹ്, ഉസൂലുൽ ഫിഖ്ഹ്, ഉലൂമുൽ ഖുർആൻ, തഫ്സീർ, ഹദീസ്, ഉസൂലുൽ ഹദീസ്, തസവ്വുഫ്, മൻഥിഖ്, ബലാഗ, താരീഖുൽ ഇസ്‌ലാം, ഭാഷ (അറബി, ഉർദു, ഇംഗ്ലീഷ്), ലീഗൽ സ്റ്റഡീസ്, റിസർച്ച് മേത്തഡോളജി, ഇസ്‌ലാമിക് ഹോം സയൻസ് | സോഷ്യൽ സയൻസ്/ ലാംഗ്വേജ്/ കൊമേഴ്സ് |
| പി.ജി<br>2 YEARS<br>Optional<br>(Hybrid Learning) | ഫാക്കൽറ്റി ഓഫ് ഇസ്‌ലാമിക് ഫണ്ടമെന്റൽ സയൻസസ്, റിസർച്ച് | സോഷ്യൽ സയൻസ്/ലാംഗ്വേജസ്/ കൊമേഴ്സ് |

## ലൈഫ് പ്ലസ് (ബോയ്സ്/ഗേൾസ്)

| | മതപഠനം | ഭൗതിക പഠനം |
|---|---|---|
| സെക്കണ്ടറി<br>3 YEARS<br>**ഹൈസ്കൂൾ**<br>(STAE BOARD/ CBSE) | പ്രായോഗിക പഠനത്തിന് ഊന്നൽ നൽകി ആത്മീയ ചിട്ടകൾ പരിശീലിപ്പിക്കുന്നതോടൊപ്പം ഖിറാഅത്ത്, ഫിഖ്ഹ് തുടങ്ങിയ വിജ്ഞാനങ്ങളിലെ പ്രാഥമിക പഠനം ഉറപ്പ് വരുത്തുന്നു. അറബി ഭാഷ പരിശീലനവും സ്കൂൾ പഠനത്തിന് സഹായകമാകുന്ന ഇംഗ്ലീഷ് ഭാഷ പഠനവും നൽകുന്നു. | ഹൈസ്കൂൾ, സ്കോളർഷിപ്പ് എക്സാം |

## Program Structure

| | മതപഠനം | ഭൗതിക പഠനം |
|---|---|---|
| **സീനിയർ സെക്കണ്ടറി**<br>2 YEARS | തസ്കിയത്, ഫിഖ്ഹ് പ്രായോഗിക പഠനം, താരീഖ്, ഹിഫ്ള്, കണ്ടമ്പററി ഇസ്‌ലാമിക് സ്റ്റഡീസ്, സ്റ്റുഡന്റ് കൗൺസിലിങ്, ഇസ്‌ലാമിക് ലീഡർഷിപ് ട്രയിനിങ് | പ്ലസ്ടു സയൻസ് (ബയോളജി)/കൊമേഴ്സ്/ ഹ്യുമാനിറ്റീസ്) സിവിൽ സർവ്വീസ് ഫൗണ്ടേഷൻ / മെഡി – എൻജി. ഓറിയന്റഡ് ക്ലാസുകൾ/CMA ഫൗണ്ടേഷൻ/CUET etc... |
| **യു.ജി**<br>3 YEARS | **മതപഠനം**<br>ഖുർആൻ, ഹദീസ്, ഫിഖ്ഹ്, ഇസ്‌ലാമിക ചരിത്രം, സമകാലിക പഠനങ്ങൾ ദഅ്‌വാ പരിശീലനം | **ഭൗതിക പഠനം**<br>യു.ജി(സയൻസ്/സോഷ്യൽ സയൻസ്/കൊമേഴ്സ്) |
| **പി.ജി**<br>2 YEARS | **മതപഠനം**<br>ഖുർആൻ, ഹദീസ്, ഉസൂൽ, പ്രാക്ടിക്കൽ തിയോളജി, ഇസ്‌ലാമിക് എത്തിക്സ്, തസ്വവ്വുഫ് പഠനവും പരിശീലനവും, ആദർശ പഠനങ്ങൾ, ചരിത്ര വിശകലനങ്ങൾ | **ഭൗതിക പഠനം**<br>പി.ജി (സയൻസ്/ സോഷ്യൽ സയൻസ്/ കൊമേഴ്സ്/ ആർട്സ്) |

## ശരീഅ (ബോയ്സ്)–സനാഉ

| | മതപഠനം | ഭൗതിക പഠനം |
|---|---|---|
| **സെക്കണ്ടറി**<br>2 YEARS | ഫിഖ്ഹ്, ഹദീസ്, തസവ്വുഫ്, അഖീദ, തജ്‌വീദ്, നഹ്‌വ്, സ്വർഫ്, ഭാഷ (അറബി, ഉർദു, ഇംഗ്ലീഷ്) | പ്ലസ്ടു (ഹ്യുമാനിറ്റീസ്/കൊമേഴ്സ്) |
| **യു.ജി**<br>4 YEARS | **മതപഠനം**<br>ഫിഖ്ഹ്, ഉസൂലുൽ ഫിഖ്ഹ്, ഉലൂമുൽ ഖുർആൻ, തഫ്സീർ, ഹദീസ്, ഉസൂലുൽ ഹദീസ്, നഹ്‌വ്, തസവ്വുഫ്, മൻഥിഖ്, ബലാഗ, താരീഖുൽ ഇസ്‌ലാം, ഭാഷ (അറബി, ഉർദു, ഇംഗ്ലീഷ്) ലീഗൽ സ്റ്റഡീസ്, റിസർച്ച് മെത്തഡോളജി | **ഭൗതിക പഠനം**<br>സോഷ്യൽ സയൻസ്/ലാംഗ്വേജസ്/ കൊമേഴ്സ് |
| **പി.ജി**<br>2 YEARS | **മതപഠനം**<br>ഫാക്കൽറ്റി ഓഫ് ഇസ്‌ലാമിക് ഫണ്ടമെന്റൽ സയൻസസ്, റിസർച്ച് | **ഭൗതിക പഠനം**<br>സോഷ്യൽ സയൻസ്/ലാംഗ്വേജസ്/ കൊമേഴ്സ് |

## Program Structure

| ഷീ(ഗേൾസ്)–സനാഇയ്യ | | |
|---|---|---|
| | മതപഠനം | ഭൗതിക പഠനം |
| സെക്കണ്ടറി<br>2 YEARS | ഫിഖ്ഹ്, ഹദീസ്, തസവ്വുഫ്, അഖീദ, തജ്‌വീദ്, നഹ്‌വ്, സ്വർഫ്, ഭാഷ (അറബി, ഉർദു, ഇംഗ്ലീഷ്) | പ്ലസ്ടു (ഹ്യുമാനിറ്റീസ്/ കൊമേഴ്‌സ്) |
| | മതപഠനം | ഭൗതിക പഠനം |
| യു.ജി<br>3 YEARS | ഫിഖ്ഹ്, ഉസൂലുൽ ഫിഖ്ഹ്, ഉലൂമുൽ ഖുർആൻ, തഫ്സീർ, ഹദീസ്, ഉസൂലുൽ ഹദീസ്, നഹ്‌വ്, തസവ്വുഫ്, മൻഥിഖ്, ബലാഗ, താരീഖുൽ ഇസ്‌ലാം, ഭാഷ (അറബി, ഉർദു, ഇംഗ്ലീഷ്) ലീഗൽ സ്റ്റഡീസ്, റിസർച്ച് മെത്തഡോളജി, ഇസ്‌ലാമിക് ഹോം സയൻസ് | സോഷ്യൽ സയൻസ്/ലാംഗ്വേജസ്/ കൊമേഴ്‌സ് |
| | മതപഠനം | ഭൗതിക പഠനം |
| പി.ജി<br>2 YEARS<br>Optional (Hybrid Learning) | ഫാക്കൽറ്റി ഓഫ് ഇസ്‌ലാമിക് ഫണ്ടമെന്റൽ സയൻസസ്, റിസർച്ച് | സോഷ്യൽ സയൻസ്/ലാംഗ്വേജസ്/ കൊമേഴ്‌സ് |

| ലൈഫ് (ബോയ്സ്/ഗേൾസ്) | | |
|---|---|---|
| | മതപഠനം | ഭൗതിക പഠനം |
| സീനിയർ സെക്കണ്ടറി<br>2 YEARS | തസ്കിയത്, ഫിഖ്ഹ് പ്രായോഗിക പഠനം, താരീഖ്, ഹിഫ്ള്, കണ്ടമ്പററി ഇസ്‌ലാമിക് സ്റ്റഡീസ്, സ്റ്റുഡന്റ് കൗൺസിലിങ്, ഇസ്‌ലാമിക് ലീഡർഷിപ്പ് ട്രയിനിങ് | പ്ലസ്ടു സയൻസ് (ബയോളജി), ആൺകുട്ടികൾക്ക് CBSE/SCERT, പെൺകുട്ടികൾക്ക് SCERT, NEET കോച്ചിങ് |
| | | |
| യു.ജി<br>3 YEARS | ഖുർആൻ, ഹദീസ്, ഫിഖ്ഹ്, ഇസ്‌ലാമിക ചരിത്രം, സമകാലിക പഠനങ്ങൾ ദഅ്‌വാ പരിശീലനം | യു.ജി(സയൻസ്/സോഷ്യൽ സയൻസ്/കൊമേഴ്‌സ്) |
| | | |
| പി.ജി<br>2 YEARS | ഖുർആൻ, ഹദീസ്, ഉസൂൽ, പ്രാക്ടിക്കൽ തിയോളജി, ഇസ്‌ലാമിക് എത്തിക്സ്, തസ്വവ്വുഫ് പഠനവും പരിശീലനവും, ആദർശ പഠനങ്ങൾ, ചരിത്ര വിശകലനങ്ങൾ | പി.ജി (സയൻസ്/ സോഷ്യൽ സയൻസ്/ കൊമേഴ്‌സ്/ ആർട്സ്) |

# Program Objectives







### ശരീഅ, ശരീഅ പ്ലസ്

- ആനുകാലിക വിഷയങ്ങൾ പാരമ്പര്യ കിതാബുകളിലൂടെ അപഗ്രഥനം ചെയ്യുക.
- ഖുർആൻ, ഹദീസ്, ഫിഖ്ഹ്, അഖീദ, തസ്വവ്വുഫ് തുടങ്ങിയ വിഷയങ്ങളിൽ അവഗാഹം ഉണ്ടാക്കുക.
- വിദ്യാർഥികൾക്കിടയിൽ ഗവേഷണസ്വഭാവം വളർത്തുക.
- സമൂഹത്തെയും മഹല്ല് സംവിധാനങ്ങളെയും ശക്തിപ്പെടുത്താനുതകുന്ന രീതിയിൽ വിദ്യാർഥികളെ പ്രാപ്തരാക്കുക.
- വിദ്യാർഥികളിൽ സമുദായ നേതൃപാടവം വളർത്തിയെടുക്കുക.
- രാജ്യതലത്തിലും അന്തർദേശീയ തലത്തിലും നിലവാരം പുലർത്തുന്ന പണ്ഡിതരെ വാർത്തെടുക്കുക.

### ഷീ, ഷീ പ്ലസ്

- ആനുകാലിക വിഷയങ്ങൾ പാരമ്പര്യ കിതാബുകളിലൂടെ അപഗ്രഥനം ചെയ്യുക.
- ഖുർആൻ, ഹദീസ്, ഫിഖ്ഹ്, അഖീദ, തസ്വവ്വുഫ് തുടങ്ങിയ വിഷയങ്ങളിൽ അവഗാഹം ഉണ്ടാക്കുക.
- വിദ്യാർഥിനികൾക്കിടയിൽ ഗവേഷണസ്വഭാവം വളർത്തുക.
- രാജ്യതലത്തിലും അന്തർദേശീയ തലത്തിലും നിലവാരം പുലർത്തുന്ന പണ്ഡിതകളെ വാർത്തെടുക്കുക.
- ഇസ്‌ലാമിക് ഹോം സയൻസ്, കുടുംബാസൂത്രണം, മനശ്ശാസ്ത്രപരമായ സമീപനം തുടങ്ങിയ അനിവാര്യമായ മേഖലകളിൽ പഠിതാക്കൾക്ക് അടിസ്ഥാന വിദ്യാഭ്യാസം നൽകുക.

### ലൈഫ്, ലൈഫ് പ്ലസ്

- വിവിധ തരം മത്സര പരീക്ഷകൾ വിജയിക്കാൻ വിദ്യാർഥികളെ പ്രാപ്തരാക്കുക.
- കഴിവും വൈദഗ്ധ്യവുമുള്ള ധർമ്മ നിഷ്ഠയുള്ള പ്രൊഫഷനലുകളെ സൃഷ്ടിക്കുക.
- ദേശീയ അന്തർദേശീയ തലത്തിൽ മികച്ച യൂനിവേഴ്സിറ്റികളിലും ഗവേഷണസ്ഥാപനങ്ങളിലും തുടർപഠനം നടത്താൻ വിദ്യാർഥികളെ പ്രാപ്തരാക്കുക.

Outcomes

## SNEC OUTCOMES (SO)

- **ആഴത്തിലുള്ള മതപഠനം:** പുതിയ കാലത്തോട് സംവദിക്കാവുന്ന ധാർമികബോധവും മതവിഷയങ്ങളിൽ അവഗാഹവുമുള്ള പണ്ഡിതരെ/പണ്ഡിതകളെ വാർത്തെടുക്കുന്നു.
- **ഗുണമേന്മയുള്ള ഭൗതിക വിദ്യഭ്യാസം:** സമുദായ ശാക്തീകരണത്തിന് ഉപയോഗപ്രദമാവുന്ന ഭൗതിക വിദ്യാഭ്യാസം ലഭ്യമാക്കുന്നു.
- **ലക്ഷ്യാധിഷ്ഠിത വിദ്യാഭ്യാസ ശാക്തീകരണം:** വ്യക്തികതവും സാമൂഹികവുമായ ആവശ്യങ്ങളെ തിരിച്ചറിഞ്ഞു കൊണ്ടുള്ള ലക്ഷ്യാധിഷ്ഠിത വിദ്യാഭ്യാസ ശാക്തീകരണം സാധ്യമാക്കുന്നു.
- **അറിവിന്റെ സമന്വയവത്കരണം:** ഇസ്‌ലാമിക ജ്ഞാനശാസ്ത്ര പ്രകാരം അനുവദനീയമായ രീതിയിൽ അറിവിന്റെ സമന്വയവത്കരണവും പ്രായോഗിക വത്കരണവും സാധ്യമാക്കുന്നു.
- **അനുഭവ കേന്ദ്രീകൃത പാഠ്യപദ്ധതി:** ജീവിതാനുഭവങ്ങൾ പ്രദാനം ചെയ്യുന്ന പഠന രീതി ശാസ്ത്രത്തെ പ്രയോഗിക്കുക വഴി പുതിയ കാര്യങ്ങൾക്ക് തങ്ങളുടെ അനുഭവങ്ങളുടെ വെളിച്ചത്തിൽ പരിഹാരം കാണാൻ വിദ്യാർഥികളെ പ്രാപ്തരാക്കുന്നു.
- **സർഗാത്മക വിദ്യാഭ്യാസം:** പഠിതാക്കൾക്ക് തങ്ങളിൽ അന്തർലീനമായ കഴിവുകൾ പുറത്തെടുക്കാനും വികസിപ്പിക്കാനും കഴിയുന്ന നൂതനവും ശാസ്ത്രീയവുമായ വിദ്യാഭ്യാസ പരിശീലനം ലഭിക്കുന്നു.

## Facilities

### ലൈബ്രറി

പാഠ്യ-പാഠ്യേതര രംഗത്ത് മികച്ച മുന്നേറ്റം സാധ്യമാക്കാൻ സഹായകമാകുന്ന ഇംഗ്ലീഷ്, അറബി, ഉർദു, മലയാളം, ഹിന്ദി ഭാഷകളിൽ വ്യത്യസ്ത വിഭാഗത്തിലുള്ള പുസ്തകങ്ങളും റഫറൻസ് ഗ്രന്ഥങ്ങളും ദിനപത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനക്കായി ലഭ്യമാകുന്ന വിശാലമായ ലൈബ്രറി കോളേജുകളിൽ ഉണ്ടായിരിക്കുന്നതാണ്.

### ഹോസ്റ്റൽ

വിദ്യാർഥികൾക്ക് ക്യാമ്പസിൽ തന്നെ സുരക്ഷിതവും സൗകര്യപ്രദവുമായ താമസ സൗകര്യം ലഭ്യമാണ്.

### മൾട്ടിലിംഗ്വൽ ലാബ്

നിത്യജീവിതത്തിൽ ഫലപ്രദമായി ആശയവിനിമയം നടത്താനുള്ള ശേഷി വിദ്യാർഥികളിൽ വളർത്തിയെടുക്കുന്നതിനും സുഗമവും കാര്യക്ഷമവുമായ ഇതര ഭാഷാപഠനം സാധ്യമാക്കുന്നതിനുമായി ഭാഷാ ബോധനശാസ്ത്രത്തിൽ തീവ്രപരിശീലനം നൽകാൻ കഴിയുന്ന മൾട്ടിലിംഗ്വൽ ലാബുകൾ ഉണ്ടായിരിക്കുന്നതാണ്.

### മെസ്സ്

വിദ്യാർഥികൾക്ക് സമീകൃതവും ഗുണമേന്മയുള്ളതുമായ ഭക്ഷണം തയ്യാറാക്കി നൽകാൻ കഴിയുന്ന വിധത്തിലുള്ള വിശാലമായ മെസ്സ് ഹാൾ ഉണ്ടായിരിക്കുന്നതാണ്.

### സെമിനാർ ഹാൾ

വിവിധ വിദ്യാഭ്യാസ പരിപാടികൾ, പരിശീലന പരിപാടികൾ, ശില്പശാലകൾ തുടങ്ങിയവ, പ്രൊജക്ടർ-ഓഡിയോവിഷ്വൽ സിസ്റ്റം സൗകര്യങ്ങളോട്ടു കൂടി നടത്തുന്നതിന് സെമിനാർ ഹാൾ കോളേജിൽ ഉണ്ടായിരിക്കുന്നതാണ്.

### പ്ലേ ഗ്രൗണ്ട്

വിദ്യാർഥികളിൽ ശാരീരികവും മാനസികവുമായ ഉല്ലാസങ്ങൾ ഉണ്ടാക്കിയെടുക്കാൻ കഴിയുന്ന പ്ലേ ഗ്രൗണ്ട് ഉണ്ടായിരിക്കുന്നതാണ്.

## Cocurricular




അക്കാദമിക-പഠന പ്രവർത്തനങ്ങൾക്ക് സഹായകവും ഗുണകരവുമാകുന്ന പ്രവർത്തനങ്ങളാണ് കോകരികുലർ പ്രവർത്തനങ്ങൾ അഥവാ പഠനാനുബന്ധ പ്രവർത്തനങ്ങൾ. വിദ്യാർഥികളുടെ കഴിവുകളും അഭിരുചികളും വളർത്തുക, സർഗശേഷികളെ കണ്ടെത്തുക, മികവുറ്റതാക്കുക, സോഫ്റ്റ് സ്കില്ലുകൾ വളർത്തുന്നതിന് പരമാവധി അവസരങ്ങളും സാധ്യതകളും നൽകുക തുടങ്ങിയ വ്യത്യസ്തവും മികവുറ്റതുമായ ലക്ഷ്യങ്ങളാണ് കോകരികുലർ പ്രവർത്തനങ്ങൾ മുന്നോട്ടുവെക്കുന്നത്. വിദ്യാർഥികളുടെ കോകരിക്കുലർ പ്രവർത്തനങ്ങളെ എസ്.എൻ.ഇ.സി മൂല്യമുള്ളതായി കാണുകയും വിദ്യാർഥികളുടെ പ്രകടനങ്ങൾ അനുസരിച്ച് ഗ്രെയ്ഡിങ് നൽകുകയും ചെയ്യുന്നു.

## Mentoring

ഓരോ വിദ്യാർഥിയുടെയും പഠന-പഠനാനുബന്ധ പ്രവർത്തനങ്ങളെ കൃത്യമായി അടയാളപ്പെടുത്തുക, കുറവുകൾ നികത്തുക, അനുയോജ്യമായ പിന്തുണ നൽകുക തുടങ്ങി ഓരോ വിദ്യാർഥിയുടെയും കൂടെ നിന്ന് വളർത്താനും സ്വയം വളരാനുമുള്ള അവസരമാണ് മെന്ററിങ്. മെന്റീ ഹാൻഡ്ബുക് വഴി ഓരോ കുട്ടിയേയും മെന്റർ കൃത്യമായി അടയാളപ്പെടുത്തുന്നതിലൂടെ വിദ്യാർഥിക്കും മെന്ററിനും പ്രോഗ്രസ്സ് കൃത്യമായി മനസിലാക്കാൻ സാധിക്കുന്നു. ഓരോ അധ്യാപകനും നിശ്ചിത വിദ്യാർഥികളെ മെന്ററിങ്ങിനായി അധ്യയന വർഷാരംഭത്തിൽ അസൈൻ ചെയ്ത് നൽകുന്നതായിരിക്കും.




## Examination



സെമസ്റ്റർ പരീക്ഷകൾ സമയ ബന്ധിതമായി നടക്കുന്നു. കേന്ദ്രീകൃതമായി നടത്തപ്പെടുന്ന സെമസ്റ്റർ പരീക്ഷയുടെ രെജിസ്ട്രേഷൻ, ഫീ പേയ്മെന്റ്, ഹാൾ ടിക്കറ്റ്, റിസൾട്ട് എന്നിവ പൂർണമായും വെബ്സൈറ്റ് വഴിയാണ് നടക്കുന്നത്. കുറ്റമറ്റ രീതിയിൽ ചോദ്യപ്പേപ്പർ തയ്യാറാക്കി വിദ്യാർഥികൾ, ഇൻവിജിലേറ്റർ, സൂപ്പർവൈസർ എന്നിവർക്കുള്ള നിർദേശങ്ങൾ നൽകുന്നതും കേന്ദ്രീകൃത മൂല്യനിർണയ ക്യാംപുകൾ ഒരുക്കുന്നതും എക്സാം സെല്ലാണ്.


## Risala



മാജസ്റ്റീർ (പി.ജി) കോഴ്സിന്റെ ഭാഗമായി വിദ്യാർഥികൾ സമർപ്പിക്കേണ്ട ഗവേഷണ പ്രബന്ധമാണ് രിസാല. വിഷയം തിരഞ്ഞെടുക്കൽ, ഗൈഡിനെ നിശ്ചയിക്കൽ, അബ്സ്ട്രാക്റ്റ് സമർപ്പണം, രിസാല സമർപ്പണം എന്നീ ഘട്ടങ്ങളിലായി രണ്ടു വർഷ പ്രവർത്തനമാണിത്. വിദ്യാർഥികൾക്ക് മാർഗനിർദേശം നൽകാൻ ബോർഡ് ഓഫ് റിസർച്ചും സെൻട്രൽ ഓഫീസിൽ കോർഡിനേറ്ററും ഉണ്ട്. വിശദവിവരങ്ങൾ ഉള്ളടങ്ങിയ രിസാല മാന്വൽ ലഭ്യമാണ്.

## Finishing School

കരിക്കുലർ, കോകരിക്കുലർ പ്രവർത്തനങ്ങൾക്ക് പുറമെ ബിരുദം സ്വീകരിച്ച് പുറത്തിറങ്ങുന്ന വിദ്യാർഥികൾ സ്വായത്തമാക്കിയിരിക്കേണ്ട അറിവുകളും കഴിവുകളും ഘട്ടമായി പകരുക എന്നതാണ് ഫിനിഷിങ് സ്കൂൾ ലക്ഷ്യമാക്കുന്നത്. പുസ്തകങ്ങൾ, വർക്ക് ഷോപ്പുകൾ, ഓൺലൈൻ കോഴ്സുകൾ, സെമിനാറുകൾ, മത്സരങ്ങൾ, ക്ലാസുകൾ തുടങ്ങിയ വൈവിധ്യമാർന്ന സംവേദന രീതികളാണ് ഇത് അവലംബിക്കുന്നത്.




## Quality Management System (QMS)



അഫിലിയേഷൻ, അസ്സസ്മെന്റ്, അക്രെഡിറ്റേഷൻ എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളിലായി എസ്.എൻ.ഇ.സിയുടെ മുഴുവൻ സ്ഥാപനങ്ങളിലും ഇൻസ്പെക്ഷനുകൾ നടക്കുന്നു. സ്ഥാപനസൗകര്യങ്ങൾ, ഡോക്യുമെന്റ് പരിശോധന, വിദ്യാർഥികളുമായി ക്ലാസ്സ് വൈസ് ഇന്ററാക്ഷൻ, സ്റ്റുഡന്റ് അസംബ്ലി, ടീച്ചേഴ്സ് മീറ്റിങ്, മാനേജ്മെന്റ് മീറ്റിങ് എന്നിവ ഇൻസ്പെക്ഷൻ ഷെഡ്യൂളിൽ ഉൾപ്പെടുന്നു. സ്ഥാപനങ്ങളിൽ ശ്രദ്ധയിൽപെടുന്ന പോരായ്മകൾ പരിഹരിപ്പിച്ചും ലഭിക്കുന്ന നിർദേശങ്ങൾ ചർച്ച ചെയ്ത് ഉചിതമായത് സ്വീകരിച്ചുമാണ് ക്യു.എം.എസ് മുന്നോട്ടു പോകുന്നത്.

## Publication Division



എസ്.എൻ.ഇ.സിയുടെ സിലബബസിനു ആവശ്യമായ പാഠപുസ്തകങ്ങൾ, നോട്ടുബുക്കുകൾ തുടങ്ങിയവ പ്രസിദ്ധീകരിക്കുന്നു. എസ്.എൻ.ഇ.സി സ്ഥാപനങ്ങളിലെ അധ്യാപകരുടെയും വിദ്യാർഥികളുടെയും രചനാപാടവം വർധിപ്പിക്കുക, പൊതു സമൂഹത്തിനിടയിൽ കാലികമായ ഇടപെടൽ നടത്തുക തുടങ്ങിയ ലക്ഷ്യത്തിൽ ഇംഗ്ലീഷിലും അറബിയിലും മാഗസിനുകൾ പ്രസിദ്ധീകരിക്കുന്നു. The Light Magazine, مجلة السناء എന്നിവയാണ് പേരുകൾ.

## Muqaddima

ശരീഅ, ഷീ, ലൈഫ്, ശരീഅ പ്ലസ്, ഷീ പ്ലസ്, ലൈഫ് പ്ലസ് സ്ട്രീമുകളുടെ കേന്ദ്രീകൃത പഠനാരംഭം സയ്യിദന്മാരുടെയും പണ്ഡിതരുടെയും നേതൃത്വത്തിൽ മുഖദ്ദിമ എന്ന പേരിൽ അധ്യയന വർഷാരംഭത്തിൽ നടക്കുന്നു. വിദ്യാർഥികളും അധ്യാപകരും രക്ഷിതാക്കളും സമസ്ത പ്രവർത്തകരുമെല്ലാം സംഗമിക്കുന്നൊരു വേദിയായി അത് മാറുന്നു.



## Thafheem Workshop




പ്രിൻസിപ്പൽമാർക്കും അധ്യാപകർക്കും പഠന-പഠനാനുബന്ധ പ്രവർത്തനങ്ങളെ കുറിച്ച് വിദഗ്ധരുടെ ക്ലാസുകൾ നൽകുന്നു. മോഡൽ ക്ലാസുകൾ, റിഫ്ലക്ഷൻ സെഷൻ, ടീച്ചിങ് മെത്തഡോളജി എന്നിവ ശില്പശാലയുടെ ഭാഗമായി നടക്കുന്നു.

## SNEC SHE PG (Hybrid Learning)



സനാഇയ്യ യു.ജി/തത്തുല്യ ബിരുദം നേടിയവർക്ക് എസ്.എൻ.ഇ.സിയുടെ രണ്ടുവർഷ പി. ജി പഠിക്കാനുള്ള അവസരമുണ്ട്. ഓഫ്‌ലൈൻ-ഓൺലൈൻ മോഡിലായിരിക്കും ക്ലാസുകൾ നടക്കുക.


## Mega Parents Meet




മുഴുവൻ രക്ഷിതാക്കളും പങ്കെടുക്കുന്ന മെഗാ പാരെന്റ്സ് മീറ്റ് വിപുലമായി നടക്കുന്നു. നിലവിലെ പ്രവർത്തനങ്ങൾ, ഭാവി പദ്ധതികൾ തുടങ്ങിയ ചർച്ചകളും ആത്മീയ സാരോപദേശങ്ങളും ദുആയും നടക്കുന്നു.

## Expert Talk

അറബി, ഇംഗ്ലീഷ്, ഉർദു ഭാഷകളിൽ, വിവിധ വിഷയങ്ങളിൽ പ്രഗത്ഭരായ ദേശീയ, അന്തർദേശീയ ഫാക്കൽറ്റികൾ നയിക്കുന്ന പ്രതിമാസ ക്ലാസുകൾ നടക്കുന്നു. അറിവ് വർധിപ്പിക്കുന്നതോടൊപ്പം ഇതരഭാഷകൾ മനസിലാക്കാനും സംസാരിക്കാനും വിദ്യാർഥികൾക്ക് അവസരം ലഭിക്കുന്നു.





## Cascading



വിദ്യാർത്ഥികളുടെ കഴിവുകൾ കോളജ് വൃത്തത്തിനപ്പുറം എത്തിക്കുക, സോഫ്റ്റ് സ്കില്ലുകൾ വളർത്തുക, എസ്.എൻ.ഇ.സി വിദ്യാർഥികൾക്കിടയിൽ വൈജ്ഞാനിക കൊടുക്കൽ വാങ്ങൽ പ്രക്രിയ സജീവമാക്കുക എന്നിവയാണ് കാസ്കേയ്ഡിങ് പരിപാടിയിലൂടെ ലക്ഷീകരിക്കുന്നത്.

## Yawmul Ibdaa (Creativity Day)

വിദ്യാർഥികളിൽ ക്രിയാത്മകത വളർത്തുക, വ്യത്യസ്ത മേഖലകളിലെ പുതിയ കണ്ടുപിടുത്തങ്ങൾക്ക് സാഹചര്യമൊരുക്കുക, നാടിനും സമൂഹത്തിനും ദീനിനും ഉതകുന്ന പുതുമയും ഉപകാരപ്രദവുമായ കാര്യങ്ങൾ നേടുക തുടങ്ങിയ തീർത്തും പുതുമയാർന്ന രീതിയാണ് യൗമുൽ ഇബ്ദാ ലക്ഷീകരിക്കുന്നത്. കർമശാസ്ത്ര മസ്അലകൾ കണ്ടെത്തൽ, മതപഠന-പ്രബോധന മേഖലയിൽ വിവര സാങ്കേതിക വിദ്യകളുടെ പ്രയോഗവത്കരണം, യന്ത്രങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ നിർമാണം, ആപ്ലിക്കേഷൻ വികസിപ്പിച്ചെടുക്കൽ തുടങ്ങിയ ക്രിയാത്മക കഴിവുകൾ വിദ്യാർഥികൾക്ക് പ്രകടിപ്പിക്കാനും പരിപോഷിപ്പിക്കാനും വേദിയൊരുക്കുന്നു.

## Talents' Meet

വിദ്യാർഥികളുടെ സർഗാത്മക ശേഷി, അറബി, ഇംഗ്ലീഷ്, ഉർദു ഭാഷാ നൈപുണ്യം, ലൈഫ് സ്കിൽ, സോഫ്റ്റ് സ്കിൽ തുടങ്ങിയവയിലൂന്നിയ കലാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. സാനവിയ്യ, ബകാലൂരിയ്യ വിഭാഗങ്ങളിലായി നൂറോളം ഇനങ്ങങ്ങളിൽ വിവിധ സ്ട്രീം വിദ്യാർഥികൾ മാറ്റുരയ്ക്കുന്നു. പ്രാഥമിക മത്സരങ്ങൾ കോളേജ് തലത്തിലും പിന്നീട് സോണൽ തലത്തിലും ഒടുവിൽ ഇന്റർസോൺ തലത്തിലും മത്സരങ്ങൾ അരങ്ങേറുന്നു.




## SSO



എസ്.എൻ.ഇ.സി അഫിലിയേറ്റഡ് സ്ഥാപനങ്ങളിലെ വിദ്യാർഥികളുടെ കൂട്ടായ്മയാണ് എസ്.എസ്.ഒ (SNEC STUDENT'S ORGANIZATION). എസ്.എസ്.ഒ ബോയ്സ് എന്ന പേരിൽ ആൺകുട്ടികളുടെയും എസ്.എസ്.ഒ ഗേൾസ് എന്ന പേരിൽ പെൺകുട്ടികളുടെയും കൂട്ടായ്മ, എസ്.എൻ.ഇ.സി ഡീൻ ഓഫ് സ്റ്റുഡന്റ്സ് വെൽഫയറിനു (DSW) കീഴിൽ പ്രവർത്തിച്ചു വരുന്നു. സ്ഥാപനങ്ങളിൽ നിന്നു തിരഞ്ഞെടുക്കപ്പെടുന്ന കൗൺസിലർമാരിൽ നിന്നാണ് സെൻട്രൽ കമ്മിറ്റി രൂപീകരിക്കുക. സെൻട്രൽ കമ്മിറ്റിക്കു കീഴിൽ കൾച്ചറൽ സ്ഫിയർ, ക്രീയേറ്റീവ് കമ്മ്യൂൺ തുടങ്ങിയ വിവിധ സബ് വിങ്ങുകൾ പ്രവർത്തിക്കുന്നു. വിദ്യാർഥികളുടെ കലാമത്സരവേദിയായ ടാലെന്റ്സ് മീറ്റ് സോണൽ, ഇന്റർസോൺ തലത്തിൽ സംഘടിപ്പിക്കുന്നത് SSO സെൻട്രൽ കമ്മറ്റിയാണ്. സ്ഥാപനങ്ങളിലെ സമിതികളുടെ ഏകോപനം, വിദ്യാർഥികളുടെ നാനോന്മുഖ ശേഷികളെ വികസിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കൽ എന്നിവയാണ് മറ്റു ദൗത്യങ്ങൾ.

# Application Process

## ആർക്കെല്ലാം അപേക്ഷിക്കാം

- SSLC കഴിഞ്ഞ, ഉപരിപഠന യോഗ്യത പ്രതീക്ഷിക്കുന്ന, സമസ്ത മദ്റസ ഏഴാം ക്ലാസ് /തത്തുല്യ യോഗ്യതയുള്ള, 17 വയസ്സ് കവിയാത്ത ആൺകുട്ടികൾക്ക് **ശരീഅ**യിലും പെൺകുട്ടികൾക്ക് **ഷീ**യിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും **ലൈഫി**ലും അപേക്ഷിക്കാം.
- സ്കൂൾ ഏഴാം ക്ലാസ് കഴിഞ്ഞ, സമസ്ത മദ്റസ അഞ്ചാം ക്ലാസ് /തത്തുല്യ യോഗ്യതയുള്ള 14 വയസ്സ് കവിയാത്ത ആൺകുട്ടികൾക്ക് **ശരീഅ പ്ലസി**ലും പെൺകുട്ടികൾക്ക് **ഷീ പ്ലസി**ലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും **ലൈഫ് പ്ലസി**ലും അപേക്ഷിക്കാം.

## എപ്പോൾ അപേക്ഷിക്കാം

2024 മാർച്ച് 20 മുതൽ ഓൺലൈൻ ആയി www.snec.in എന്ന വെബ്സൈറ്റ് വഴി **ശരീഅ പ്ലസ്, ഷീ പ്ലസ്, ലൈഫ് പ്ലസ്** സ്ട്രീമുകൾക്ക് അപേക്ഷിക്കാം .
2024 ഏപ്രിൽ 3 മുതൽ ഓൺലൈൻ ആയി www.snec.in എന്ന വെബ്സൈറ്റ് വഴി **ശരീഅ, ഷീ, ലൈഫ്** സ്ട്രീമുകൾക്കും അപേക്ഷിക്കാം.

## എങ്ങനെ അപേക്ഷിക്കാം

OPEN www.snec.in > admission > apply now

### STEP 1. REGISTRATION & LOGIN

Name, Date of Birth, Country Code, Phone number, Email, Last Completed Class (School), Gender എന്നീ വിവരങ്ങൾ നൽകി രജിസ്റ്റർ ചെയ്യുക. മൊബൈൽ നമ്പർ Verify ചെയ്യാൻ OTP സംവിധാനം ഉണ്ടായിരിക്കും. ഇ മെയിലിലും ഫോൺ നമ്പറിലും ലഭിക്കുന്ന User ID, Password എന്നിവയാണ് പിന്നീട് ലോഗിൻ ചെയ്യുന്നതിനു ഉപയോഗിക്കേണ്ടത്.

### STEP 2. STREAM SELECTION

അപേക്ഷകന്റെ Gender, Last completed class (School) എന്നിവക്കനുസൃതമായി Display ചെയ്യപ്പെടുന്നവയിൽ നിന്നും ഉദ്ദേശിക്കുന്ന സ്ട്രീം തിരഞ്ഞെടുക്കുക. പരമാവധി രണ്ട് സ്ട്രീം വരെ തിരഞ്ഞെടുക്കാവുന്നതാണ്. ഏഴാം ക്ലാസ്സ് കഴിഞ്ഞ ആൺകുട്ടിക്ക് ശരീഅ പ്ലസും ലൈഫ് പ്ലസും പെൺകുട്ടിക്ക് ഷീ പ്ലസും ലൈഫ് പ്ലസും. 10-ാം ക്ലാസ് കഴിഞ്ഞ ആൺകുട്ടിക്ക് ശരീഅയും ലൈഫും, പെൺകുട്ടിക്ക് ഷീയും ലൈഫും തിരഞ്ഞെടുക്കാം.

അപേക്ഷ നടപടിക്രമങ്ങളുടെ വീഡിയോ കാണാൻ QR കോഡ് സ്കാൻ ചെയ്യുക

Application Process

# Application Process

STEP 3. **PERSONAL DETAILS**

Login ചെയ്ത ശേഷം House Name, Place, PIN, Post Office, District, State, Country, Father's Name, Occupation, Contact Number, Mother's Name, Guardian's Name, Contact Number എന്നീ വിവരങ്ങൾ നൽകേണ്ടതും ഫോട്ടോ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

STEP 4. **INSTITUTION SELECTION**

തിരഞ്ഞെടുത്ത സ്ട്രീമുള്ള സ്ഥാപനങ്ങളുടെ ജില്ല, സ്ഥലം, ബോർഡ് (സ്റ്റേറ്റ്/CBSE), കോഴ്സ് (സയൻസ്/കൊമേഴ്സ്/ഹ്യുമാനിറ്റീസ്), ഫീസ് എന്നിവ കാണാവുന്നതാണ്. അവയെ മുൻഗണനാ ക്രമത്തിൽ തിരഞ്ഞെടുക്കേണ്ടതാണ്.

STEP 5. **EXAM CENTER & SNEET MEDIUM SELECTION**

അപേക്ഷകരുടെ Quota പൂർത്തിയാകാത്ത പരീക്ഷ സെന്ററുകൾ തിരഞ്ഞെടുക്കേണ്ടതാണ്. പ്രവേശന പരീക്ഷ ചോദ്യപേപ്പറിന്റെ മീഡിയം (ഇംഗ്ലീഷ്, മലയാളം, കന്നഡ, തമിഴ്) തിരഞ്ഞെടുക്കേണ്ടതാണ്.

STEP 6. **EXAM FEE PAYMENT**

കാർഡ് പേയ്മെന്റ്, NET ബാങ്കിങ്, UPI പേയ്മെന്റ് വഴി ഫീ അടയ്ക്കുക. ഇതോടെ അപേക്ഷ ഫോം ഡൗൺലോഡ് ചെയ്യാവുന്നതാണ്.

| One Program | Two Programs |
|---|---|
| ₹500 | ₹800 |

STEP 7. **HALL TICKET**

പരീക്ഷക്ക് മുൻപ് ഹാൾ ടിക്കറ്റ് ഡൗൺലോഡ് ചെയ്യാനുള്ള നോട്ടിഫിക്കേഷൻ വെബ്സൈറ്റിലും അപേക്ഷകരുടെ ഫോൺ നമ്പറിൽ ടെക്സ്റ്റ് മെസ്സേജായും ലഭിക്കുന്നതാണ്. വെബ്സൈറ്റിൽ ലോഗിൻ ചെയ്താൽ ഹാൾ ടിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

## ACADEMIC AND WEIGHTAGE DETAILS

വെയിറ്റേജ് മാനദണ്ഡത്തിൽ പരാമർശിക്കുന്ന SSLC, മദ്റസ പൊതുപരീക്ഷ റിസൾട്ടുകൾ മുതലായവ അവയുടെ റിസൾട്ട് വന്നതിനു ശേഷമാണ് ചേർക്കേണ്ടത്.

സ്കൂൾ എഴാം ക്ലാസ് കഴിഞ്ഞവർ മദ്റസ പൊതു പരീക്ഷ ഫലം (5 or 7) (%), പൊതുപരീക്ഷ രജിസ്റ്റർ നമ്പർ, മദ്റസ ബോർഡ്, ഹിഫ്ള് പൂർത്തിയാക്കിയത്, LSS/USS /Govt.Talent Exams, സംസ്ഥാന തല മത്സരങ്ങളിലെ ഒന്നാം സ്ഥാനം (സർഗലയം, മദ്റസ കലാ സാഹിത്യ മത്സരം, യുവജനോത്സവം, ശാസ്ത്ര മേള) എന്നിവ എൻട്രി ചെയ്യേണ്ടതാണ്.

SSLC ഉപരി പഠന യോഗ്യത നേടിയവർ SSLC പരീക്ഷ ഫലം (%), SSLC രജിസ്റ്റർ നമ്പർ, മദ്റസ പൊതു പരീക്ഷ ഫലം(5 or 7 or 10) (%), പൊതു പരീക്ഷ രജിസ്റ്റർ നമ്പർ, മദ്റസ ബോർഡ്, ഹിഫ്ള് പൂർത്തിയാക്കിയത്, സംസ്ഥാന തല മത്സരങ്ങളിലെ ഒന്നാം സ്ഥാനം (സർഗലയം, മദ്റസ കലാസാഹിത്യ മത്സരം, യുവജനോത്സവം, ശാസ്ത്രമേള) എന്നിവ എൻട്രി ചെയ്യേണ്ടതാണ്.

# SNEET (Samastha National Education Entrance Test)

പ്രവേശന പരീക്ഷ (SNEET) ഓൺലൈനിൽ ആയിരിക്കും. ഇൻറർനെറ്റ് സൗകര്യമുള്ള സ്മാർട്ട്ഫോൺ കൊണ്ടുവരേണ്ടതാണ്.

## ശരീഅ പ്ലസ്, ഷീ പ്ലസ്, ലൈഫ് പ്ലസ്

### Areas of Questions (ജനറൽ)

1- സമസ്ത മദ്റസ അഞ്ചാം ക്ലാസിലെ വിഷയങ്ങൾ (28%)
2- സ്കൂൾ ഏഴാം ക്ലാസ് (മാത്തമാറ്റിക്സ്, സയൻസ്, ഇംഗ്ലീഷ് ) (28%)
3- പൊതു വിജ്ഞാനം & കാലിക വിഷയങ്ങൾ (16%)
4- IQ (Reasonings, Blood Relations etc.) (16%)
5- സമസ്ത കേരള ജംഇയ്യത്തുൽ ഉലമായുമായി ബന്ധപ്പെട്ട വിവരങ്ങൾ (12%)

### Areas of Questions (സബ്ജക്റ്റ് )

ഉദ്ദേശിക്കുന്ന സ്ട്രീമുമായി ബന്ധമുള്ള പ്രായോഗികവും പ്രതിഫലനാത്മകവുമായ (Practical and Reflective) ചോദ്യങ്ങൾ

| ശരീഅ പ്ലസ്, ഷീ പ്ലസ് | ലൈഫ് പ്ലസ് |
|---|---|
| മതപരമായ വിഷയങ്ങൾ | സ്കൂൾ വിഷയങ്ങൾ (60%)<br>മദ്റസ വിഷയങ്ങൾ (40%) |

### Type of Questions

| ഇനം | എണ്ണം | മാർക്ക് |
|---|---|---|
| ജനറൽ | 25 | 50 |
| സബ്ജക്ട് | 20 | 40 |
| വെയിറ്റേജ് | | 10 |
| **ആകെ** | | 100 |

### വെയിറ്റേജ് മാനദണ്ഡം

| ഇനം | മാർക്ക് |
|---|---|
| സമസ്ത മദ്റസ Top Plus | 03 |
| സമസ്ത മദ്റസ Distinction | 02 |
| സമസ്ത മദ്റസ First Class | 01 |
| ഹാഫിള് | 03 |
| LSS/USS/Govt. Talent Exams | 02 |

സംസ്ഥാന തല മത്സരങ്ങളിലെ ഒന്നാം സ്ഥാനം (സർഗലയം, മദ്റസ കലാ സാഹിത്യ മത്സരം, യുവജനോത്സവം, ശാസ്ത്രമേള) **2 മാർക്ക്** (പരമാവധി **2 മാർക്ക്**)

| | |
|---|---|
| **ആകെ മാർക്ക്** | 10 |

## ശരീഅ, ഷീ, ലൈഫ്

### Areas of Questions (ജനറൽ)

1- സമസ്ത മദ്റസ ഏഴാം ക്ലാസിലെ വിഷയങ്ങൾ (28%)
2- എസ്.എസ്.എൽ.സി (മാത്തമാറ്റിക്സ്, സയൻസ്, ഇംഗ്ലീഷ് ) (28%)
3- പൊതു വിജ്ഞാനം & കാലിക വിഷയങ്ങൾ (16%)
4- IQ (Reasonings, Blood Relations etc.) (16%)
5- സമസ്ത കേരള ജംഇയ്യത്തുൽ ഉലമായുമായി ബന്ധപ്പെട്ട വിവരങ്ങൾ (12%)

### Areas of Questions (സബ്ജക്റ്റ് )

ഉദ്ദേശിക്കുന്ന സ്ട്രീമുമായി ബന്ധമുള്ള പ്രായോഗികവും പ്രതിഫലനാത്മകവുമായ (Practical and Reflective) ചോദ്യങ്ങൾ

| ശരീഅ, ഷീ | ലൈഫ് |
|---|---|
| മതപരമായ വിഷയങ്ങൾ | സയൻസ് വിഷയങ്ങൾ |

# SNEET (Samastha National Education Entrance Test)

## Type of Questions

| ഇനം | എണ്ണം | മാർക്ക് |
|---|---|---|
| ജനറൽ | 25 | 50 |
| സബ്ജക്ട് | 15 | 30 |
| വെയിറ്റേജ് | | 20 |
| ആകെ | | 100 |

## വെയിറ്റേജ് മാനദണ്ഡം

| ഇനം | മാർക്ക് |
|---|---|
| **SSLC** full A+ | 06 |
| **SSLC** 9A+ | 04 |
| **SSLC** 8A+ | 02 |
| സമസ്ത മദ്റസ Top Plus | 06 |
| സമസ്ത മദ്റസ Distinction | 04 |
| സമസ്ത മദ്റസ First Class | 02 |
| ഹാഫിള് | 04 |
| സംസ്ഥാന തല മത്സരങ്ങളിലെ ഒന്നാം സ്ഥാനം ( സർഗലയം, മദ്റസ കലാ സാഹിത്യ മത്സരം, യുവജനോത്സവം, ശാസ്ത്രമേള ) 1 **മാർക്ക്** (പരമാവധി 2 **മാർക്ക്**) | |
| ലൊക്കാലിറ്റി | 02 |
| ആകെ മാർക്ക് | 20 |

## M.M Basheer Musliyar Scholarship

SNEET 2024–ൽ ഉയർന്ന റാങ്ക് നേടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്/ ഫ്രീഷിപ്പ് നൽകുന്നു. ശരീഅ, ഷീ, ലൈഫ്, ശരീഅ പ്ലസ്, ഷീ പ്ലസ്, ലൈഫ് പ്ലസ് സ്ട്രീമുകളിലെ ആദ്യ റാങ്കുകാർ സ്കോളർഷിപ്പ്/ ഫ്രീഷിപ്പിന് അർഹരാണ്.

## Admission & Allotment

അപേക്ഷകർക്ക് എൻട്രൻസ് എക്സാമിൽ ലഭിച്ച മാർക്കും വെയിറ്റേജും അടിസ്ഥാനപ്പെടുത്തി ട്രയൽ അലോട്ട്മെന്റ് S N E C വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. അപേക്ഷാ സമയത്ത് ലഭിച്ച User Nameഉം Passwordഉം ഉപയോഗിച്ച് അലോട്ട്മെന്റ് വിവരങ്ങൾ പരിശോധിക്കേണ്ടതാണ്. ട്രയൽ അലോട്ട്മെന്റിനു ശേഷം സ്ഥാപനം, കോഴ്സ് എന്നിവ പുനക്രമീകരിക്കാനുള്ള സൗകര്യം ഉണ്ടായിരിക്കും. ഫസ്റ്റ് അലോട്ട്മെന്റ് വന്നാൽ 1,000 രൂപ (ലൈഫ്, ലൈഫ് പ്ലസ് 2,500) S N E C യിലേക്ക് അയച്ചതിന്റെ റെസിപ്റ്റുമായി സ്ഥാപനത്തിൽ ചെന്ന് താൽക്കാലികമായോ സ്ഥിരമായോ അഡ്മിഷൻ എടുക്കേണ്ടതാണ്. താൽക്കാലിക അഡ്മിഷൻ എടുത്താൽ അടുത്ത അലോട്ട്മെന്റിന് പരിഗണിക്കും. സ്ഥിര അഡ്മിഷൻ എടുക്കണമെങ്കിൽ 1,000 രൂപ (ലൈഫ്, ലൈഫ് പ്ലസ് 2,500) സ്ഥാപനത്തിൽ അടയ്ക്കണം.

ഹാൾടിക്കറ്റ്, SNEET റിസൾട്ട് ഷീറ്റ് എന്നിവ സഹിതം രക്ഷിതാവുമായി ഹാജരായാണ് താൽക്കാലിക അഡ്മിഷൻ എടുക്കേണ്ടത്. താൽക്കാലിക അഡ്മിഷൻ സ്വീകരിക്കാത്തവരെ ഫൈനൽ അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല. ഫൈനൽ അലോട്ട്മെന്റിൽ ലഭിച്ച സ്ഥാപനത്തിലാണ് അഡ്മിഷൻ നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടത്. അതിനായി എസ്.എസ്.എൽ.സി മാർക്ക്ലിസ്റ്റ്, ടി.സി, മദ്റസ സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, പാസ്പോർട്ട് സൈസ് ഫോട്ടോ(2), വെയ്റ്റേജ് മാനദണ്ഡത്തിൽ ക്ലെയിം ചെയ്യു രേഖകൾ, നൽകപ്പെടുന്ന ഫോർമാറ്റിലുള്ള സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

## Fees

- ഫീസ് വാങ്ങുന്നതും വാങ്ങാത്തതുമായ സ്ഥാപനങ്ങൾ SNEC യുടെ അഫിലിയേഷനിലുണ്ട്.
- ശരീഅ, ശരീഅ പ്ലസ് , ഷീ, ഷീ പ്ലസ് സ്ട്രീമുകളിൽ പരമാവധി 3000 രൂപയാണ് മാസാന്ത ഫീ.
- ലൈഫ്, ലൈഫ് പ്ലസ് സ്ട്രീമുകളിൽ കോഴ്സുകൾക്കനുസരിച്ച് വ്യത്യസ്തമായിരിക്കും.

## Seat

| മെറിറ്റ് 80% | മാനേജ്മെന്റ് 20% |
|---|---|

# Exam Centers

| | Sl.No | Region | Centers for Boys | Centers for Girls |
|---|---|---|---|---|
| INDIA | 01 | Kasargod | **IMAM SHAFI ISLAMIC ACADEMY** Kumbla | **IMAM SHAFI ISLAMIC ACADEMY** Kumbla |
| | 02 | Kannur | **BUSTHANUL ULOOM MADRSA**, Punchakad, Payyannur | **KOYYOD MUHYUDDEEN KUTTY MUSLIYAR MEMORIAL WOMEN'S ACADEMY,** Vengad |
| | 03 | Kozhikode | **VADI HUDA SHAREEATH COLLEGE** Omassery | **VADI NOOR ISLAMIC & ARTS COLLEGE FOR GIRLS** Vanimel |
| | 04 | Malappuram | • **POOKOYA THANGAL MEMORIAL ISLAMIC CENTRE (PMIC)** Vadakkangara<br>• **AHMAD KUTTY MUSLIYAR MEMMORIAL COLLEGE OF ISLAMIC & ARTS** Kainikkara | • **CRESCENT SNEC SHE CAMPUS** Velimukku<br>• **GRACE VALLEY ISLAMIC COLLEGE FOR GIRLS** Maravattom |
| | 05 | Palakkad | **KHASI MUHAMMED MUSLIYAR, EDUCATIONAL & CULTURAL COMPLEX**, Marayamangalam | **ISLMIC CENTRE,** Mannarkad |
| | 06 | Thrissur | **MIC,** Thrissur | **MIC ISLAMIC AND ARTS COLLEGE (SHE STREAM)** Kaipamangalam |
| | 07 | Ernakulam | **MARKAZ ISLAMIC & ARTS COLLEGE** Mannoppilly Nagar, Kalamassery | **UMMUL QURA ISLAMIC & ARTS COLLEGE FOR WOMENS,** Kaloor |
| | 08 | Alappuzha | **SHAMSUL ULAMA ISLAMIC & ARTS COLLEGE** Pathiyankara | **NAFEESATHUL MISRIYA ISLAMIC & ARTS COLLEGE** Mannar |
| | 09 | Kollam | **SAMASTHA MAHAL KANNANALLUR,** KOLLAM | **SAMASTHA MAHAL** Kannanallur |
| | 10 | Dakshina Kannada | • **KARNATAKA ISLAMIC ACADEMY** Kumbra<br>• **SHAMSUL ULAMA DARUSSALAM ACADEMY,** Wadithwaiba, Kinya | • **KARNATAKA ISLAMIC ACADEMY** Kumbra<br>• **SHAMSUL ULAMA DARUSSALAM ACADEMY,** Wadithwaiba, Kinya |
| | 11 | Wayanad | **SHAMSUL ULAMA ISLAMIC ACADEMY** Vengappally | **SU VANITHA COLLEGE,** Sultan Batheri |
| | 12 | Andaman | • **HIDAYATHUL ANAM MADRASA** Wimberlygunj Port Blair<br>• **HIDAYATHUL MUSLIMEEN MADRASA** Delanipur | • **HIDAYATHUL ANAM MADRASA** Wimberlygunj Port Blair<br>• **HIDAYATHUL MUSLIMEEN MADRASA** Delanipur |

## Exam Centers

| INDIA | | | | |
|---|---|---|---|---|
| INDIA | 13 | Lakshadweep | • **MADANUL ISLAM MADRASSA,** Amini Island<br>• **TANVEERUL ISLAM MADRASSA,** Agathi Island<br>• **IZATHUL ISLAM MADRASA,** Kavarathi Island<br>• **THAQVIYATHUL MUSLIMEEN HIGHER SECONDARY MADRASA,** Androth Island | • **MADANUL ISLAM MADRASSA,** Amini Island<br>• **TANVEERUL ISLAM MADRASSA,** Agathi Island<br>• **IZATHUL ISLAM MADRASA,** Kavarathi Island<br>• **THAQVIYATHUL MUSLIMEEN HIGHER SECONDARY MADRASA,** Androth Island |
| | 14 | Tamilnadu | • **MAHDANUL ULOOM MADRASA** Gudalur<br>• **NAGERCOIL, VADASERY, MUSLIMJAMAATH I.S.C MADARASA** Kanyakumari District | • **MAHDANUL ULOOM MADRASA** Gudalur<br>• **NAGERCOIL, VADASERY, MUSLIMJAMAATH I.S.C MADARASA** Kanyakumari District |

| GCC | Sl.No | Region | Centers for Boys and Girls |
|---|---|---|---|
| GCC | 01 | UAE | **ABU DHABI SUNNI CENTRE** |
| | | | **DUBAI SUNNI CENTER** |
| | 02 | KSA | **JEDDAH DARUSSALAM** |
| | | | **RIYADH** |
| | | | **DAMMAM SIC HALL** |
| | 03 | BAHRAIN | **SAMASTHA BAHRAIN MANAMA CENTRE** |
| | 04 | QATAR | **AL NABEED GLOBAL EDUCATION CENTRE DOHA** |

## **SNEET** (Samastha National Education Entrance Test) **Time Schedule**

| Paper & Stream | Date | Time |
|---|---|---|
| **General Paper**<br>(Sharee'a Plus, SHE Plus, LIFE Plus) | APRIL 21 | 10.00 AM- 10.30 AM |
| **Subject Paper**<br>(Sharee'a Plus, SHE Plus) | APRIL 21 | 10.30 AM- 11.00 AM |
| **Subject Paper**<br>(LIFE Plus) | APRIL 21 | 11.15 AM- 11.45 AM |

| Paper & Stream | Date | Time |
|---|---|---|
| **General Paper**<br>(Sharee'a, SHE , LIFE) | MAY 12 | 10.00 AM- 10.30 AM |
| **Subject Paper**<br>(Sharee'a, SHE) | MAY 12 | 10.30 AM- 11.00 AM |
| **Subject Paper**<br>(LIFE-Boys & Girls) | MAY 12 | 11.15 AM- 11.45 AM |

# Affiliated Colleges (Sharee'a)

| District | Sl.No | Affl. No | Name & Address Of College | Intake | Fee | +2 Stream |
|---|---|---|---|---|---|---|
| KASARAGOD | 01 | 34 | **IMAM SHAFI ISLAMIC ACADEMY**<br>Badriya Nagar, Kumbala, Kasaragode-671321<br>PH: 8891329316, 7560932314 | 40 | YES | Humanities |
| KANNUR | 02 | 50 | **DARUL BIRR ISLAMIC ACADEMY**<br>Punchakad, Payyannur, Kannur -670307<br>Ph: 9746990308, 8129129786 | 30 | YES | Commerce |
| WAYANAD | 03 | 15 | **SHAMSUL ULAMA ISLAMIC ACADEMY**<br>Vengappally, Puzhamudi P.O, Kalpetta, Wayanad -673121<br>PH: 04936205426, 9605238037 | 30 | NO | Humanities |
| KOZHIKKODE | 04 | 14 | **DARU RAHMA**<br>Kodakkal, Kuttiady, Kozhikode<br>PH: 7907714431, 9744288022 | 30 | NO | Humanities |
| | 05 | 45 | **VADI HUDA SHAREEATH COLLEGE**<br>Omassery, Kozhikode - 673582<br>PH: 9446161369 | 40 | NO | Humanities |
| | 06 | 49 | **DARUSWALAH ISLAMIC ACADEMY**<br>Karamoola, Kumaranalloor (PO), Kozhikode -673602<br>PH: 0495-2291618, 9744603035, 7034065355 | 30 | NO | Commerce |
| MALAPPURAM | 07 | 07 | **AHMAD KUTTY MUSLIYAR MEMORIAL COLLEGE OF ISLAMIC & ARTS**<br>Kainikkara, Poilissery (P.O) B.P Angadi, Malappuram-676102<br>PH: 9526706901, 9895609086 | 40 | YES | Humanities |

# Affiliated Colleges (Sharee'a)

| District | Sl.No | Affl. No | Name & Address Of College | Intake | Fee | +2 Stream |
|---|---|---|---|---|---|---|
| MALAPPURAM | 08 | 09 | **GRACE VALLEY ISLAMIC COLLEGE FOR BOYS**<br>Maravattom, Chengottur P.O, Malappuram – 676503<br>PH: 8589054502, 8943282582 | 40 | YES | Commerce |
| | 09 | 10 | **LIWA – UL HUDA ISLAMIC COMPLEX**<br>Kizhuparamba, Areekode, Malappuram-673639<br>PH: 9446160677 | 40 | YES | Commerce |
| | 10 | 43 | **POOKOYA THANGAL MEMORIAL ISLAMIC CENTRE (PMIC)**<br>Thadathilkundu, Vadakkangara, Mankada<br>PH: 9947008567 | 30 | YES | Commerce |
| | 11 | 30 | **MANSHAUL ULOOM SHUHADA ACADEMY**<br>Omanoor (P.O) Cheekkode, Malappuram – 673645<br>PH: 9847708965 | 40 | NO | Humanities |
| | 12 | 40 | **JAMIA THAHQEEQIL ULOOM AL ISLAMIYYA**<br>Mathakkulam, Karipur, Kondotty<br>PH: 9656292226 | 20 | NO | Humanities |
| | 13 | 31 | **DARUL IHSAN ISLAMIC ACADEMY**<br>Chungathara (P.O), Nilambur, Malappuram - 679334<br>PH: 8089650398 | 30 | NO | Humanities |
| | 14 | 54 | **THANVEER ISLAMIC AND ARTS COLLEGE**<br>Peruvallur, Kumminiparamba, Malappuaram<br>PH: 04942434546, 8589004546 | 40 | YES | Humanities |

# Affiliated Colleges (Sharee'a)

| District | Sl.No | Affl. No | Name & Address Of Collge | Intake | Fee | +2 Stream |
|---|---|---|---|---|---|---|
| PALAKKAD | 15 | 11 | **KHASI MUHAMMED MUSLIYAR EDUCATIONAL & CULTURAL COMPLEX**<br>Marayamangalam P.O, Nellaya, Palakkad -679335<br>PH: 9447216223, 8129363160 | 40 | YES | Commerce |
| THRISSUR | 16 | 25 | **NOORUL HUDA EDUCATION CENTER**<br>Cheruthuruthy, Cheruthuruthy PO, Thrissur -679531<br>PH: 9497569412 | ---- | ------ | -------------- |
| ERNAKULAM | 17 | 05 | **MARKAZ ISLAMIC & ARTS COLLEGE**<br>Mannoppilly Nagar, Kalamassery,CUSAT P.O,<br>Ernakulam -682022<br>PH: 9846676507, 9446576057, 9895110111 | 40 | YES | Commerce |
| ALAPPUZHA | 18 | 03 | **SHAMSUL ULAMA ISLAMIC & ARTS COLLEGE**<br>Pathiyankara, Thrikkunnappuzha (P.O), Karthikappally,<br>Alappuzha – 690515, PH: 9288759269 | 40 | YES | Humanities |
| D. KANNADA | 19 | 23 | **KARNATAKA ISLAMIC ACADEMY**<br>Kumbra, Olamugru, Dakshina Kannada – 574210<br>PH: 8495948738 | 35 | NO | Commerce |

# Affiliated Colleges (SHE)

| District | Sl.No | Affl. No | Name & Address Of College | Intake | Fee | +2 Stream |
|---|---|---|---|---|---|---|
| KASARAGOD | 01 | 16 | **IMAM SHAFI SHE CAMPUS**<br>Badriya Nagar, Kumbala (P.O), Kasaragode – 671321<br>PH: 8891329316, 7560932314 | 40 | YES | Humanities |
| | 02 | 18 | **NOORUL ISLAM WOMEN'S COLLEGE**<br>Alampady, Vidyanagar, Kasaragode – 671123<br>PH: 9497432584, 9495800848 | 40 | YES | Humanities |
| KANNUR | 03 | 37 | **KOYYOD MUHYUDDEEN KUTTY MUSLIYAR MEMORIAL WOMEN'S ACADEMY**<br>Vengad, Anjarakkandy, Pinarayi, Kannur-670612<br>PH: 9447861926, 8078758625 | 20 | YES | Humanities |
| KOZHIKKODE | 04 | 19 | **VADI NOOR ISLAMIC & ARTS COLLEGE FOR GIRLS**<br>Vanimel, Kodiyura P.O, Kozhikode -673506<br>PH: 9847487001, 9497649686, 9048452015 | 30 | YES | Humanities |
| MALAPPURAM | 05 | 41 | **CRESCENT SNEC SHE CAMPUS**<br>Velimukku, Velimukku South, Malappuram -679317<br>PH: 9048520786 | 40<br>DAY - 30 | YES | Humanities |
| | 06 | 08 | **GRACE VALLEY ISLAMIC COLLEGE FOR GIRLS**<br>Maravattom, Chengottur P.O, Malappuram – 676503<br>PH: 8589054508, 8943282582 | 40 | YES | Humanities |
| | 07 | 20 | **KHIDMATHUL ISLAM WOMEN'S COLLEGE**<br>Edakkulam, Thirunavaya, Malappuram<br>PH: 9446388731, 04942602281, 7907771532 | 80<br>DAY | YES | Commerce & Humanities |

# Affiliated Colleges (SHE)

| District | Sl.No | Affl. No | Name & Address Of College | Intake | Fee | +2 Stream |
|---|---|---|---|---|---|---|
| MALAPPURAM | 08 | 06 | **DARUL HIDAYA WOMEN'S ACADEMY**<br>Edappal, Edappal (P.O), Malappuram – 679576<br>PH: 8593000155, 8593000188 | 40 | YES | Humanities |
| THRISSUR | 09 | 26 | **MIC ISLAMIC AND ARTS COLLEGE (SHE STREAM)**<br>Kaipamangalam, Thrissur -680681<br>PH: 8129568629, 9633604860 | 30 | YES | Humanities |
| | 10 | 39 | **KHADEEJA BINTH BUKHARI (KBB) SHE CAMPUS**<br>Pallimeppuram, Thrissur - 680584,<br>PH: 9961483821, 9961670482 | 30 | YES | Commerce |
| ERNAKULAM | 11 | 04 | **MARKAZ ISLAMIC & ARTS VANITHA COLLEGE**<br>Changampuzha Nagar, Ernakulam – 682033<br>PH: 9447325962, 9539255092 | 40 | YES | Humanities / Commerce |
| | 12 | 38 | **UMMUL QURA ISLAMIC & ARTS COLLEGE FOR WOMEN**<br>Deshabhimani Road, Kaloor, Ernakulam-682017<br>PH: 8891713292, 7034853888 | 40 | YES | Commerce |
| ALAPPUZHA | 13 | 02 | **NAFEESATHUL MISRIYA ISLAMIC & ARTS COLLEGE**<br>Mannar P.O, Alappuzha – 689622<br>PH: 9656337053, 9961737302 | 40 | YES | Commerce / Humanities |

## Affiliated Colleges (LIFE)

| District | Sl.No | Affl. No | Name & Address Of College | Intake | Fee | +2 Stream |
|---|---|---|---|---|---|---|
| MALAPPURAM | 01 | 55 | **GRACE VALLEY LIFE INSTITUTE**<br>Maravattom, Chengottur P.O, Malappuram – 676503<br>PH: 8589054502, 8943282582 | 60<br>BOYS | YES | Science (Biology) + NEET |
| KOZHIKODE | 02 | 52 | **THOOBA RESIDENTIAL CAMPUS**<br>CM Maqam, Madavoor, Kozhikode, 673585<br>PH: 9846545984, 9656293748 | 60<br>GIRLS | YES | Science (Biology) + NEET |
| THRISSUR | 03 | 22 | **ARAFA ENGLISH SCHOOL**<br>Attur, Vadakkanchery, Thrissur, 680 583<br>PH: 9447062601,9745322030 | 60<br>BOYS | YES | Science (Biology) + NEET |

## Affiliated Colleges (Sharee'a Plus)

| District | Sl.No | Affl. No | Name & Address Of College | Intake | Fee | +2 Stream |
|---|---|---|---|---|---|---|
| KASARAGOD | 01 | 44 | **IMAM SHAFI ISLAMIC ACADEMY**<br>Badriya Nagar, Kumbala, Kasaragode -671321<br>PH: 8891329316, 7560932314 | 40 | YES | -------------- |
| | 02 | 53 | **MIC ARSHADUL ULOOM DA'WA COLLEGE**<br>Mahinabad, Chattanchal, Thekkil (P.O), Kasaragod<br>671 541, PH: 8943136381, 8891010553 | 40 | NO | --------------- |

## Affiliated Colleges (Sharee'a Plus)

| District | Sl.No | Affl. No | Name & Address Of College | Intake | Fee | +2 Stream |
|---|---|---|---|---|---|---|
| WAYANAD | 03 | 51 | **SAYYID BAVA ALI ISLAMIC ACADEMY & ARTS COLLEGE**<br>Bavali, Bavali (PO), Thirunelli, Wayanad<br>PH: 8606726127, 7510126127 | 30 | NO | --------------- |
| MALAPPURAM | 04 | 46 | **CBMS ISLAMIC ACADEMY**<br>Vilayil Parappoor, Vilayil (PO), Kuzhimanna, Malappuram<br>PH: 9061835273, 9747686973, 04832946266 | 40 | YES | --------------- |
| DAKSHINA KANNADA | 05 | 47 | **SHAMSUL ULAMA DARUSSALAM ACADEMY, WADITHWAIBA**<br>Kinya, Mangaluru, Karnataka, 575023<br>PH: 9986297806, 7349450313 | 40 | NO | ------------- |

## Affiliated Colleges (SHE Plus)

| District | Sl.No | Affl. No | Name & Address Of College | Intake | Fee | +2 Stream |
|---|---|---|---|---|---|---|
| MALAPPURAM | 01 | 48 | **NAFEESATHUL MISRIYA WOMEN'S COLLEGE**<br>Edakkara, Chamaparamba, Malappuram<br>PH: 8606757066, 9961981933 | 30 | YES | ------------- |

*The list will be updated

# Important Dates

**Sharee'a Plus, SHE Plus, LIFE Plus**

| SL.No. | Item | Date |
|---|---|---|
| 01 | Application | March 20 - April 5 |
| 02 | Hall ticket Downloading | April 17-18 |
| 03 | Entrance Exam | April 21 |
| 04 | Result | April 29 |
| 05 | Trail Allotment | May 2 |
| 06 | First Allotment | May 6 |
| 07 | Admission | May 9-10 |
| 08 | second Allotment | May 11 |
| 09 | Admission | May 13, 14 |
| 10 | Muqaddima | May 29 |

**Sharee'a, SHE, LIFE**

| SL.No. | Item | Date |
|---|---|---|
| 01 | Application | April 3 - April 26 |
| 02 | Hall ticket Downloading | May 05 -10 |
| 03 | Entrance Exam | May 12 |
| 04 | Trail Allotment | May 17 - 19 |
| 05 | First Allotment | May 20 |
| 06 | Admission | May 21 - 23 |
| 07 | Second Allotment | May 25 |
| 08 | Admission | May 26 -27 |
| 09 | Muqaddima | May 29 |

# Photo Glimpses of Talents' Meet


























# Photo Glimpses of Talents’ Meet

























## Notes

അപേക്ഷ
നടപടിക്രമങ്ങളുടെ
വീഡിയോ കാണാൻ
QR കോഡ് സ്കാൻ
ചെയ്യുക

SNEC
مجلس التعليم الوطني لسمستا
SAMASTHA NATIONAL
EDUCATION COUNCIL
Central office, Samastha Karyalayam.
Francis Road. Kozhikode-03

www.snec.in
samasthanec@gmail.com
8590 555 455
7012 007 272
Samastha National Education Council- SNEC
Samastha National Education Council- SNEC

©
SNEC- 2024-25
SAMASTHA National Education Council
Central office, Samastha Karyalayam, Francis Road, Kozhikode-03